ആസ്വാദനം

●

പി.എ.എം ഹനീഫ്

# ഹദീസ് കഥകൾക്കൊരു 'മരുപ്പച്ച'




**ഹദീസ്** കഥകളെ ആസ്പദമാക്കിയുള്ള നല്ലൊരു കാർട്ടൂൺ ആനിമേഷനാണ് റസാഖ് വഴിയോരം കഥ എഴുതി സംവിധാനം ചെയ്ത 'ധർമധാര'യുടെ പുതിയ സംരംഭമായ 'മരുപ്പച്ച.'

ഹദീസുകളുമായി ബന്ധപ്പെട്ട നൂറുനൂറു കഥകൾ ദൃശ്യാവിഷ്കാര സാധ്യതയുള്ളതായിട്ടും അറബ് രാജ്യങ്ങളിലെ ടെലിവിഷൻ കമ്പനികൾപോലും ഹദീസ് കഥകളിലേക്ക് ഇന്നോളം ശ്രദ്ധതിരിച്ചതായി അറിവില്ല. അന്യന്റെ മുതൽ അന്യായമായി ഭുജിക്കുന്നതിനെതിരെ, ദരിദ്രനെ സഹായിച്ചാൽ അല്ലാഹു ധനികനെ എവ്വിധം സഹായിക്കും, ദാഹിച്ചവശനായ നായക്ക് ജലം നൽകി ആശ്വസിപ്പിച്ച ദാഹാർത്തനെകുറിച്ച് പ്രവാചകൻ സ്വഹാബികളോടു പറഞ്ഞ കഥ അടക്കം നാൽപത്തഞ്ചു മിനിറ്റ് ദൈർഘ്യം വരുന്ന 'മരുപ്പച്ച'യുടെ വലിയ സവിശേഷത, ഹദീസ് കഥകൾ ആനിമേഷന് വിധേയമാക്കിയപ്പോൾ സ്വാംശീകരിച്ച ആത്മീയ തലമാണ്. കഥാപാത്രങ്ങളുടെ രൂപ ഭാവങ്ങളിലും അന്തരീക്ഷ സൃഷ്ടിയിലും ആനിമേഷന് നേതൃത്വം നൽകിയ അബൂൽ, അബ്ദുൽ ബാസിത്, യാസിർ, ഹിഷാം അഹ്മദ് എന്നിവർക്ക് മികച്ച കൈയടക്കം സാധിച്ചിട്ടുണ്ട്. ടൈറ്റിൽ സോംഗടക്കം രണ്ടു നല്ലപാട്ടുകളും ചിത്രത്തിലുണ്ട്. ഒരു ഹദീസ് കഥയുടെ ആവിഷ്കാരം

തന്നെ പാട്ടിലൂടെ പറയുന്ന രീതിയിലാണിത്. കവി ജമീൽ അഹ്മദും ഗായകരായ ശമീർ ബിൻസി, ഹുസ്ന, സിദ്റത്തുൽ മുൻതഹ എന്നിവരും അഭിനന്ദനം അർഹിക്കുന്നു.

പോരായ്മകളില്ലാതില്ല. സാങ്കേതിക കാര്യങ്ങളിൽ ചിലേടത്തെ അശ്രദ്ധകളിൽ പ്രധാനം കഥാപാത്രങ്ങൾക്ക് ശബ്ദം നൽകിയേടത്തെ ഡബ്ബിംഗിലുണ്ടായ അപാകതകളാണ്. മൈസൂർ ശംസ്, നിലമ്പൂർ മണി, ശബീർഷാ യൂനിവേഴ്സിറ്റി, അബ്ദുല്ല കൊയിലാണ്ടി, സഹ്ല ചെറുവാടി എന്നിവരാണ് വിവിധ കഥാപാത്രങ്ങൾക്ക് ശബ്ദം നൽകിയത്.

ഹോം സിനിമകളിലൂടെ ശ്രദ്ധേയനായ സലാം കൊടിയത്തൂർ നിർമിച്ച് റസാഖ് വഴിയോരം, അമീൻ വേങ്ങര എന്നിവർ മുഖ്യ നേതൃത്വവും സംവിധാനവും നിർവഹിച്ച 'മരുപ്പച്ച' മുതിർന്നവർക്കും കുട്ടികൾക്കും ഹദീസ് കഥകളുടെ ആത്മാവ് തൊട്ടറിയാൻ നല്ലൊരു ചലച്ചിത്ര സംരംഭമാണ്. ശ്രദ്ധേയമാണ് ത്രീഡി സീനുകൾ. മികവുറ്റ ആ സാങ്കേതികതക്കു പിന്നിൽ യാസിർ അറഫാത്ത് എന്ന കലാകാരനാണ്. ബാസിത് കൊടിയത്തൂർ, റജീബ് അരീക്കോട് എന്നിവർ സ്റ്റോറി ബോർഡിലും പശ്ചാത്തല സംഗീതത്തിലും മികവ് പ്രദർശിപ്പിച്ചു. കലാസംവിധായകനായ സിദ്ദീഖ് കൊടിയത്തൂരിന്റെ വൈഭവങ്ങളും 'മരുപ്പച്ച'യെ ശ്രദ്ധേയമാക്കുന്നു. ■